പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2281 13.02.2013-ൽ മറുപടിയ്ക്ക്

## സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ, സർക്യൂട്ട് ബ്രേക്കുകൾ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ പ്രവർത്തനക്ഷമത

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ, സർക്യൂട്ട് ബ്രേക്കുകൾ, അനുബന്ധസാമഗ്രികൾ എന്നിവയുടെ പ്രവർത്തനക്ഷമത ഉറപ്പവരുത്തുവാൻ നിലവിൽ എന്തെല്ലാം പരിശോധനകളും സംവിധാനവും വർഷാവർഷം നടത്താറുണ്ട് എന്ന് വ്യക്തമാക്കുമോ;

(എ) സബ്സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ സർക്യൂട്ട് ബ്രേക്കറുകൾ തുടങ്ങിയ വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ വരുത്തുന്നതിന് എല്ലാ സ്റ്റേഷനുകളിലും കൃത്യമായ മെയിന്റനൻസ് പ്ലാനുകൾ ഉണ്ട്. ദിവസേന ചെയ്യേണ്ടവ, മാസത്തിൽ ചെയ്യേണ്ടവ, മൂന്നു മാസത്തിൽ ചെയ്യേണ്ടവ, വർഷത്തിൽ ചെയ്യേണ്ടവ എന്നിങ്ങനെ തരം തിരിച്ചാണ് മെയിന്റനൻസ് ചെയ്യുന്നത്. ഈ കാര്യങ്ങൾ അതത് സ്റ്റേഷനിൽ മെയിന്റനൻസ് വിഭാഗം ചെയ്തു വരുന്നുണ്ട്. കൂടാതെ ബോർഡിന്റെ സാങ്കേതിക വിഭാഗമായ റിലേ (Relay wing), PET (പവർ എക്യുപ്മെന്റ് ടെസ്റ്റിംഗ്) എന്നീ യൂണിറ്റുകൾ വിവിധ വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കാറുണ്ട്. വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് ഇത്തരം കാര്യങ്ങൾ പരിശോധിക്കാറുണ്ട്. കൂടാതെ സർക്കാറിന്റെ കീഴിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥർ വർഷാവർഷം പരിശോധനകൾ നടത്താറുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ വിവിധ സബ് സ്റ്റേഷനുകളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഇക്കാര്യത്തിൽ നടത്തിയ പരിശോധനയുടെയും മറ്റും റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വിവിധ സബ്സ്റ്റേഷനുകളിൽ വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പ വരുത്തുന്നതിനു വേണ്ടി ബോർഡിന്റെ സാങ്കേതിക വിഭാഗങ്ങളായ റിലേ (Relay), PET (പവർ എക്യുപ്മെന്റ് ടെസ്റ്റിംഗ്) എന്നീ

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ വിവിധ സബ്സ്റ്റേഷനുകളിൽ പരിശോധന നടത്തി നിർദ്ദേശങ്ങൾ നല്കാറുണ്ട്. ഇതു പ്രകാരം, സാധന സാമഗ്രി കളുടെ ലഭ്യതയനുസരിച്ച് അതാതു നിർദ്ദേശങ്ങൾ നടപ്പിലാക്കാറുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇവ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ജോലികൾ, സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് ചെയ്യാറുണ്ട്. ഇക്കാര്യം നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മലപ്പുറം മുണ്ടുപറമ്പിൽ ഈയിടെ സബ്-സ്റ്റേഷൻ കത്തുകയും പൊട്ടിത്തെറിക്കുകയും ചെയ്ത സാഹചര്യത്തിൽ പരിശോധനാ സംവിധാനത്തിലെ പോരായ്മകൾ ഉദ്യോഗസ്ഥതലത്തിൽ പരിശോധിച്ചിട്ടുണ്ടോ; | (ഡി) | അന്വേഷണത്തിനായി വകുപ്പുതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ഇ) | എങ്കിൽ, അനന്തരനടപടികൾ വിശദമാക്കുമോ? | (ഇ) | റിപ്പോർട്ട് ലഭ്യമായതിനു ശേഷം അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.